# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3171 18-10-2016-ൽ മറുപടിക്ക്**

## സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി :<br>ഡോ.എം. കെ. മുനീർ:<br>ശ്രീ.എൻ. ഷംസുദ്ദീൻ:<br>ശ്രീ. എം.ഉമ്മർ: | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമാക്കി മാറ്റുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുന്നതിന്റെ ഭാഗമായി ഗുണഭോക്താക്കളെ കണ്ടെത്താനായി വിപുലമായ തയ്യാറെടുപ്പുകൾ സർക്കാരും കെ. എസ്. ഇ. ബി. എൽ-ഉം നടത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുചേർത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുകയുണ്ടായി. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനു വേണ്ടി 26/8/2016-ലെ സർക്കാർ ഉത്തരവ് ജി. ഒ. (എം. എസ്.) നമ്പർ 18/2016/ഊ.വ പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായ സംസ്ഥാന തല ഉന്നതാധികാര സമിതി, ജില്ലയുടെ ചാർജ്ജുള്ള മന്ത്രി ചെയർമാനായ ജില്ലാതല മോണിറ്ററിംഗ് സമിതി കെ. എസ്. ഇ. ബി ലിമിറ്റഡിലെ മുൻ ട്രാൻസ്മിഷൻ ആന്റ് ഡിസ്ട്രിബ്യൂഷൻ ഡയറക്ടർ ആയ ശ്രീ. കെ. അശോകൻ ചെയർമാനായ സംസ്ഥാന തല സാങ്കേതിക ഉപദേശക സമിതി, ബന്ധപ്പെട്ട നിയോജക മണ്ഡലത്തിലെ എം. എൽ.എ ചെയർമാനായ നിയോജക മണ്ഡലതല മോണിറ്ററംഗ് സമിതി, ഒരോ ഗ്രാമപഞ്ചായത്തിലും മുനിസിപ്പൽ കൗൺസിലിലും മുനിസിപ്പൽ കോർപ്പറേഷനിലും നിർവ്വാഹക സമിതികൾ എന്നിവ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി കമ്മിറ്റികളുടെ അവലോകന യോഗങ്ങൾ നടന്നു വരുന്നു. വൈദ്യുതി ലഭിക്കാത്ത ഭവനങ്ങൾ കണ്ടെത്തി ഗുണഭോക്താക്കളുടെ അന്തിമ പട്ടിക 24.9.2016 ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>നിലവിൽ 1,16,596 ഗുണഭോക്താക്കൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. അന്തിമ പട്ടിക |

പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനായി വൈദ്യുതി വിതരണ ശൃംഖല വികസിപ്പിക്കുന്ന പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് പൂർത്തിയാക്കി വരുന്നു. പ്രാഥമിക കണക്കുകൾ പ്രകാരം ഏകദേശം 160 കോടി രൂപയാണ് വിതരണ ശൃംഖല വിപുലീകരിച്ച് ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുള്ള അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ടി വരുന്നത്. ഒറ്റപ്പെട്ട കോളനികളിലും വനാന്തര പ്രദേശങ്ങളിലും DDG- Micro Grid സംവിധാനത്തിലൂടെ യാകും വൈദ്യുതി എത്തിക്കുക. ആയതിനുള്ള തുക ഇതിൽ ഉൾപ്പെട്ടിട്ടില്ല. ഒരു നിയോജക മണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണം നേടുന്നതിന് ആവശ്യമായ തുകയുടെ 50% (പരമാവധി 1 കോടി രൂപ എന്ന കണക്കിൽ) കെ.എസ്.ഇ.ബി ചെലവാക്കാനും ബാക്കി തുക LSGD,SC/ST ക്ഷേമ വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ ജനപ്രതിനിധികളുടെ (MLA SDF, MLA ADF, MP LAD) ഫണ്ടുകൾ സന്നദ്ധ സംഘടനകളിൽ നിന്നുള്ള സാമ്പത്തിക സഹായം എന്നിവയിൽ നിന്ന് കണ്ടെത്തുവാനുമാണ് ഉദ്ദേശിക്കുന്നത്. സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനം എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി 100 ചതുരശ്ര മീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) ഈ വർഷം ആരംഭത്തിൽ എത്ര വീടുകൾ വൈദ്യുതീകരിക്കാതെ ശേഷിച്ചിരുന്നു എന്നതു സംബന്ധിച്ച വിവരം വെളിപ്പെടുത്തുമോ;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് സംസ്ഥാനത്ത് വൈദ്യുതീകരിയ്ക്കാത്ത വീടുകളെ സംബന്ധിച്ച വിവരങ്ങൾ കെ.എസ്.ഇ.ബി.എൽ ശേഖരിച്ചിരുന്നില്ല. മാർച്ച് 2016 ലെ കണക്കുകൾ പ്രകാരം പണം അടച്ച് അപേക്ഷ നൽകിയിരുന്ന 900 ഗാർഹിക കണക്ഷനുകൾ ആണ് നൽകാനുണ്ടായിരുന്നത്. എന്നാൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിനു വേണ്ടി വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകളുടെ വിവരം ശേഖരിച്ചതനുസരിച്ച് ഇപ്പോൾ 1,16,596 ഗുണ ഭോക്താക്കൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

Hemalatha

**സെക്ഷൻ ഓഫീസർ**